അവരുടെ സേവനം വെറും താൽക്കാലികം മാത്രമായതുകൊണ്ട് മാസശമ്പളം നിശ്ചയിക്കേണ്ട ആവശ്യമില്ലെന്നു തീരുമാനിക്കുകയും 11-12-58-ൽ ശ്രീ. 1.25 ദിവസശമ്പളം നിശ്ചയിക്കുകയും ചെയ്തു.

ശ്രീ. ഹസ്സൻ ശനി: 45 രൂപ ശമ്പളത്തിൽ അനേക നാളായി ജോലി ചെയ്യുന്ന ഫീമെയിൻവാർഡേഴ്സും ഉണ്ടെന്നും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഫീമെയിൽ വാർഡേഴ്സിനെ സംബന്ധിച്ചിടത്തോളം 35-45 കൊടുക്കുന്നുണ്ട്. പക്ഷെ സബ്ജയിലുകളിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ളവർക്ക് ഡയിലിവേജസ് മാത്രമേ നിശ്ചയിച്ചിട്ടുള്ളു.

ശ്രീ. കെ. ഹസ്സൻ ശനി: സബ്ജയിലുകളിൽ 45 രൂപ അനേകകാലമായി വാങ്ങിച്ചുകൊണ്ടിരിക്കുന്ന ഫീമെയിൽ വാർഡേഴ്സിനു 1959-നു ശേഷവും അനേകാൽ രൂപമാത്രമേയുള്ളു എന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. സ്ഥിരമായി നിയമിക്കാത്ത സ്ഥിതിക്ക് ''അനേകകാലമായി 45 രൂപ വാങ്ങിക്കൊണ്ടിരിക്കുന്നവർ'' എന്നു പറയുന്നതു ശരിയല്ല. സ്വീപ്പർമാർ ഉള്ളപ്പോൾ മാത്രമാണ് നിയമിക്കാറുള്ളതു്. അതു താൽക്കാലിക നിയമനമായിരിക്കുമല്ലോ.

ശ്രീ. കെ. ഹസ്സൻ ശനി: എറണാകുളം സബ്ജയിലിലും മറ്റു സബ്ജയിലുകളിലും ഫീമെയിൽ വാർഡേഴ്സ് ഉണ്ടെന്നു ഞാൻ പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കുമോ?

ശ്രീ വി. ആർ. കൃഷ്ണയ്യർ: വിശ്വസിക്കാം. പക്ഷെ: അവശ്യമുണ്ടോ എന്നാണ് നോക്കേണ്ടതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഉച്ചഭക്ഷണം കൊടുക്കുന്ന ഏർപ്പാടു മാറ്റിയിട്ട് അതിനുപകരം എന്തെങ്കിലും അലവൻസ് കൊടുക്കാൻ നിർദ്ദേശിക്കുമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: അവർ സ്ഥലത്തുതന്നെ ഉണ്ടായിരിക്കണം. അതുകൊണ്ടാണ് ഉച്ചഭക്ഷണം കൊടുക്കുന്നതു്. അലവൻസ് കൊടുക്കുകയാണെങ്കിൽ അവർ സ്ഥലത്തുണ്ടായിരിക്കണമെന്ന ഉദ്ദേശം സാധിക്കുകയില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർ ആലോചിക്കണം.

കടത്തുചാർജ്ജ്

* 1491. [2] ശ്രീ. എൻ. ശിവൻപിള്ള: തഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ കടത്തു് ഇറങ്ങുന്നതിനു് സഞ്ചാരികളിൽനിന്നു് ചാർജ്ജു് ഈടാക്കുന്നതു് ഏതു ഭാഗങ്ങളിൽ; ഈടാക്കാത്ത പ്രദേശം ഏതു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

പഴയ കൊച്ചിയിലും മലബാറിലും മുഴുവൻ സമയവും പ്രവർത്തിക്കുന്ന എല്ലാ കടത്തുകടവിലും ചാർജ്ജു് ഈടാക്കുന്നുണ്ട്. തിരുവിതാംകൂർ പ്രദേശത്തു് എല്ലാകടത്തുകടവിലും കൊച്ചിയിൽ ആറു സീസനൽ കടത്തുകടവിലും ചാർജ്ജു് ഈടാക്കുന്നില്ല.

ശ്രീ. എൻ. ശിവൻ പിള്ള: സംയോജനത്തിനുശേഷവും ഈ വ്യത്യാസം മാറാതെതു് എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. അബ്ദുറഹ്മാൻ: ഏകീകരിക്കാൻ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അടുത്തവർഷം മുതൽ എല്ലായിടത്തും ഏകീകരിക്കുന്നതാണ്.

ശ്രീ പി. രാമുണ്ണിക്കുറുപ്പ്: ചാർജ്ജ് ഈടാക്കുന്നതു് ആരാണ്?

ശ്രീ. ടി. അബ്ദുറഹ്മാൻ: ടെൻഡർവിളിച്ചുകൊടുക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പഞ്ചായത്തുകളെ ഏല്പിച്ചുകൊടുക്കണമെന്നു് ആരെങ്കിലും സർക്കാരിൽ നിവേദനം നടത്തിയിട്ടുണ്ടോ; അതു് പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കാൻ നടപടിയെടുത്തുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: ഇപ്പോൾ പറയാൻനിവൃത്തിയില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: അടുത്തവർഷം എല്ലായിടത്തും ഏകരൂപപ്പെടുത്തുമെന്നുപറഞ്ഞു. എല്ലായിടത്തും ചാർജ്ജ് ഈടാക്കുമെന്നാണോ, അതോ എല്ലായിടത്തും ചാർജ്ജ് ഇല്ലാതാക്കുമെന്നാണോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: കടത്തുവള്ളങ്ങളിൽ ചാർജ്ജ് ഈടാക്കുന്ന സ്ഥലത്തുകൂടി ചാർജ്ജ് ഈടാക്കാതിരിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നതു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: എത്രമണിക്കൂർ ഈ ജോലിക്കാർ ജോലി ചെയ്യണമെന്നാണു് വ്യവസ്ഥ?

ശ്രീ. ടി. അബ്ദുറഹ്മാൻ: കൃത്യമായി പറയാൻ വയ്യാ.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ദിവസം 24 മണിക്കൂർവീതം ഇവർ ജോലിചെയ്യുന്നുണ്ടു്; 8 മണിക്കൂർ ജോലിചെയ്താൽ മതിയെന്ന ഏർപ്പാടുണ്ടായിട്ടും ഇത്രയധികം നേരം ജോലിചെയ്യിക്കുന്നതു് അറിയുന്നുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: രാത്രിയും പകലും മുഴുവൻ സമയവും ജോലിചെയ്താലേ 24 മണിക്കൂറാകൂ. ഇക്കാര്യത്തിൽ എതിരഭിപ്രായം ഉണ്ടായിട്ടില്ല.

പിൻവലിച്ച കേസ്സുകൾ.

* 1492. [3] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര കേസ്സുകൾ പിൻവലിക്കുവാൻ ഗവണ്മെന്റു് കോടതികൾക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്;

(ബി) തൽഫലമായി എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടു; എത്ര കേസ്സുകളിൽ ഗവണ്മെന്റു നിർദ്ദേശം കോടതി തിരസ്കരിക്കുകയുണ്ടായി?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ, ബി) വിശദവിവരങ്ങൾ ശേഖരിച്ചിട്ടില്ല. മൊത്തം 1,170 കേസുകൾ പിൻവലിക്കാൻ അപേക്ഷിച്ചിട്ടുണ്ടെന്നറിയുന്നു.

ശ്രീ. സി. എ. മാത്യു: കോടതികൾ പല കേസ്സുകളിലും ഗവണ്മെന്റിന്റെ നിർദ്ദേശം നിരസിക്കാൻ പറഞ്ഞിട്ടുള്ള കാരണമെന്താണെന്നറിയാമോ;

ശ്രീ. സി. അച്യുതമേനോൻ: ഓരോ കേസ്സിനും ഓരോ കാരണമായിരിക്കും പറയുന്നതു്. പൊതുവെ ഒരു കാരണം പറഞ്ഞതായിട്ടറിവില്ല.

ശ്രീ സി. എ. മാത്യു: വ്യക്തമായ തെളിവുകളുള്ളപ്പോൾ ഗവണ്മെന്റു് ആവശ്യമില്ലാതെ കോടതികളുടെ അധികാരത്തിൽ ഇടപെടുന്നതായ

LIBRARY ARCHIVES Kerala Legislative Assembly